# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 6702   12-7-2012 ന് മറുപടിയ്ക്ക്

**അങ്കമാലി - അയ്യമ്പുഴ പഞ്ചായത്ത് നിവാസികൾക്ക് പട്ടയം**

### ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ ചാത്തക്കുളം, കാരേക്കാട്ട്, കടുകുളങ്ങര, കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വർഷങ്ങളായി വനഭൂമി കൈവശം വച്ച് താമസിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി വനം, റവന്യൂ വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയെ അടിസ്ഥാനപ്പെടുത്തിയ റിപ്പോർട്ടിന് അംഗീകാരം നൽകുന്നതിലെ കാലതാമസം വിശദമാക്കുമോ ;

(ബി) പ്രസ്തുത സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) വനം വകുപ്പിൽ ഇത് സംബന്ധിച്ച് നിലവിലുള്ള ഫയലുകളുടെ വിശദാംശങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കുമോ ;

(ഡി) ഇവർക്കുള്ള പട്ടയം എന്ന് നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ ?

### ഉത്തരം

ശ്രീ.കെ.ബി.ഗണേഷ്കുമാർ.
(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) യും (ബി) യും അയ്യമ്പുഴ പഞ്ചായത്തിലെ ചാത്തക്കുളം, കാരേക്കാട്ട്, കടുകുളങ്ങര, കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വനഭൂമി കൈവശം വച്ച് താമസിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള 145 കുടുംബങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാൻമാർക്ക് കൈവശരേഖ ലഭിക്കുന്നതിനുള്ള വനഭൂമി പതിവ് സംയുക്ത പരിശോധന റിപ്പോർട്ട് റിമാർക്ക്സ് സഹിതം അനന്തര നടപടികൾക്കായി ആലുവ തഹസീൽദാർക്ക് 15/3/2012 ൽ അയച്ചുകൊടുത്തിട്ടുണ്ട്.

(സി) യും (ഡി) യും കൈവശരേഖ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച മുഴുവൻ പരാതികളും പരിഗണിക്കുകയും സംയുക്ത പരിശോധനാ റിപ്പോർട്ട് റവന്യൂ വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. റവന്യൂ വകുപ്പാണ് പട്ടയം നൽകുന്ന കാര്യത്തിൽ തീരുമാനം എടുക്കേണ്ടത്.

സെക്ഷൻ ആഫീസർ